**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3158** **11-03-2025 - ൽ മറുപടിയ്ക്ക്**

**ബീച്ച് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കടൽത്തീരങ്ങൾ പൂർണ്ണമായും വിനോദസഞ്ചാര കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ ഓരോ കടൽത്തീരങ്ങളും പൂർണ്ണമായും വിനോദസഞ്ചാര കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തികൊണ്ടുള്ള വികസനമാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | വിനോദസഞ്ചാരത്തെ പരമാവധി പ്രോത്സാഹിപ്പിക്കുംവിധം ബീച്ച് കണക്ടിവിറ്റി വികസിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ഓരോ കടൽത്തീരങ്ങളും വികസിപ്പിക്കുന്നത് അതാത് കടൽത്തീരങ്ങളുടെ കരയുടെയും തീരത്തിന്റെയും വിനോദസഞ്ചാര സാധ്യതകൾക്ക് അനുയോജ്യമാകുന്ന വിധത്തിൽ ടൂറിസം വികസനം നടത്തിവരുന്നു. കണ്ണൂർ ജില്ലയിലെ മുഴിപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിന്റെ സമഗ്ര വികസനം, തീരദേശ ജില്ലകളിൽ സാഹസിക ടൂറിസം വികസനത്തിന്റെ ഭാഗമായി ഫ്ലോട്ടിംഗ് ബ്രിഡ്ജ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ബീച്ചുകളിൽ ബോട്ട് സർവ്വീസുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; നിലവിൽ ബോട്ട് സർവ്വീസുകൾ നടന്നുവരുന്ന ബീച്ചുകളുടെ വിശദവിവരം നൽകാമോ; | (സി) | വകുപ്പ് നേരിട്ട് ബീച്ചുകളിൽ ബോട്ട് സർവീസുകൾ നടത്തി വരുന്നില്ല. |
| (ഡി) | കപ്പൽ മാർഗ്ഗമുള്ള വിനോദസഞ്ചാരത്തിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ബീച്ചുകളുടെ വിശദാംശം അറിയിക്കാമോ; | (ഡി) | പ്രധാന തുറമുഖങ്ങളുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഏർപ്പെടുത്താറുണ്ട്. വലിയ ക്രൂയിസുകളിൽ എത്തുന്ന സഞ്ചാരികളെ വരവേൽക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ഇ) | ബീച്ചുകളിലെ സുരക്ഷാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിയ്ക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരികയാണ്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ |

| | | | |
|---|---|---|---|
| | | | ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കി വരികയാണ്.<br><br>ടൂറിസം വകുപ്പിന്റെ/ ഡി.ടി.പി.സി.യുടെ നിയന്ത്രണത്തിലുള്ള ബീച്ചുകളിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സുരക്ഷാ ഗാർഡുകൾ, ലൈഫ് ഗാർഡുകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. ലൈഫ് ഗാർഡുകൾക്ക് ജീവൻ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ലൈഫ് ഗാർഡുകൾക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ